# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2589** **05-11-2019-ൽ മറുപടിക്ക്**

## തലശ്ശേരി ടൂറിസം പൈതൃക പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എൻ. ഷംസീർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി ടൂറിസം പൈതൃക പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി നിയോഗിച്ച സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ആദ്യ ഘട്ടത്തിൽ 4 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളിൽ ഒന്ന് ഒഴികെ (മൊയ്തുപാലം സംരക്ഷണം) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവൃത്തികൾ ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തീകരിച്ചുവരികയുമാണ്.<br>1. പഴയ ഫയർ ടാങ്ക് സംരക്ഷണം, താഴെ അങ്ങാടി പൈതൃക വീഥിയായി വികസിപ്പിക്കൽ - 60,76,000 രൂപ (90% പൂർത്തീകരിച്ചു)<br>2. തലശ്ശേരി പിയർ റോഡ് സംരക്ഷണം, ഭക്ഷ്യ വീഥി, ശില്പോദ്യാനമായി വികസിപ്പിക്കൽ - 2,12,54,000 രൂപ (90% പൂർത്തീകരിച്ചു)<br>3. ഗുണ്ടർട്ട് ബംഗ്ലാവ് സംരക്ഷണം, ഭാഷാ മ്യൂസിയം ജർമ്മൻ പഠന കേന്ദ്രമായി വികസിപ്പിക്കൽ - 2,10,00,000 (ബംഗ്ലാവ് സംരക്ഷണ പ്രവൃത്തികൾ 80% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.) |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിക്കായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ബി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പദ്ധതിയുടെ പുരോഗതിക്കായി പൈതൃക മൂല്യമുള്ള തലശ്ശേരി പൈതൃകവുമായി ബന്ധപ്പെട്ട പുതിയ ഘടകങ്ങൾ കണ്ടെത്തുകയും അതിനുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയും ചെയ്യുന്നു.<br>2019 -ൽ താഴെ പറയുന്ന 6 ഘടകങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>1. ടൂറിസം എക്സ്പീരിയൻസ് സ്ട്രീറ്റ്, കൊട്ടിയൂർ - 4,52,35,763/ രൂപ<br>2. സെൻറ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡവലപ്മെൻറ് &ലാൻഡ്സ്കേപ്പ് - 1,84,73,019/-രൂപ<br>3. താഴെ അങ്ങാടി സ്ട്രീറ്റ് ഡവലപ്മെൻറ് - 4,84,02,866/- രൂപ<br>4. തൊടീക്കളം ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ് - 2,57,35,841/ രൂപ<br>5. വള്ളിയൂർകാവ് - ഡവലപ്മെൻറ് ഓഫ് മാർക്കറ്റ് ആൻറ് എക്സിബിഷൻ സ്പേസ് - 4,87,55,960/-രൂപ<br>6. വേ ഫൈന്റിംഗ് സൈനേജസ് ഓഫ് വേരിയസ് ഡെസ്റ്റിനേഷൻസ് ഓഫ് തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് - 1,30,00,000/-രൂപ |
| (സി) | പ്രസ്തുത പദ്ധതി വിപുലപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന് ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് ജില്ലകളിലായി (വയനാട്, കോഴിക്കോട്, കണ്ണൂർ) 61 ഡെസ്റ്റിനേഷനുകൾ ഉൾപ്പെടുത്തിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ